LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3-1-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 01/2011/തൊഴിൽ പ്രകാരമാണ് കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത്. മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന തരത്തിൽ ഒരു ആക്ഷേപവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കശുവണ്ടി വ്യവസായത്തിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് 3-7-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 75/2014/തൊഴിൽ ഉത്തരവ് പ്രകാരം കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ കമ്മിറ്റി പല തവണ യോഗം ചേർന്ന് ചർച്ച നടത്തുകയും തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂലി പുതുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) 1948-ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് 3 (1) (ബി) പ്രകാരം അഞ്ചുവർഷം കഴിയുന്നതിനുമുമ്പ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്രകാരം കശുവണ്ടി വ്യവസായത്തിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് കശുവണ്ടി വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായബന്ധ സമിതിയെ മിനിമം വേതന നിയമം അനുശാസിക്കുംവിധം 3-7-2014 ലെ സ.ഉ. (എം.എസ്) നമ്പർ 75/2014/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നടപടികൾ അവസാന ഘട്ടത്തിലാണ്.

തൊഴിലാളി ക്ഷേമനിധി ബോർഡുകൾ തകരുന്നത് ഒഴിവാക്കാൻ നടപടി

242 (950) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ഓരോന്നായി തകർച്ച നേരിടുന്ന അവസ്ഥയിൽ പ്രതിഷേധിച്ച് എസ്.റ്റി.യു. ഉടങ്ങിയ സംഘടനകൾ രംഗത്തു വരുവാൻ ഇടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) തൊഴിലവകാശങ്ങൾ നിഷേധിക്കുകയും അസംഘടിത തൊഴിൽ മേഖലയും തൊഴിലാളിക്ഷേമ ബോർഡുകളും നിർജ്ജീവമാക്കുകയും ചെയ്യുന്നത് ഗുരുതരമായ ഭവിഷ്യത്തുകൾ ക്ഷണിച്ചു വരുത്തുമെന്നത് മനസ്സിലായിട്ടുണ്ടോ ;

(സി) എങ്കിൽ, പ്രസ്തുത നിലപാട് തിരുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിലാളി ക്ഷേമനിധി ബോർഡുകൾ തകർച്ച നേരിടുന്ന അവസ്ഥ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

ഒറ്റപ്പാലം എലമ്പുലാശ്ശേരിയിൽ ഐ.ടി.ഐ.

243 (951) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരിയിൽ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിലേക്കായി സാദ്ധ്യതാപഠനം നടത്തുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; പ്രസ്തുത ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചുവോ ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) എറണാകുളം ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ശ്രീ. ഇ. വി. കുട്ടപ്പനെ ചുമതലപ്പെടുത്തി. അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു.

(ബി) ഇടക്കാല റിപ്പോർട്ട് പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി (കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള 4 ഏക്കർ സ്ഥലം) ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. ശ്രീ. എം. ഹംസ അവർകൾ ഉറപ്പു നൽകിയിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-യ്ക്ക് ആവശ്യമായ കെട്ടിടം പണിയുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാമെന്നും (ഒരു കോടി രൂപ) അദ്ദേഹം അറിയിച്ചിട്ടുണ്ട്. ടി സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് വിട്ടുതരാൻ ഇറിഗേഷൻ വകുപ്പിന്റെ സമ്മതപത്രം ലഭ്യമാക്കി അയച്ചുതരാൻ ശ്രീ. ഇ. വി. കുട്ടപ്പനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.